**Athmaraksha.org**

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ എവുപ്രാസ്യമ്മ - പ്രാർത്ഥിക്കുന്ന അമ്മ



ഇരിങ്ങാലക്കുട താലൂക്കിലെ ഒരു ഉൾഗ്രാമമായ കാട്ടൂരിൽ 1877 ഒക്ടോബർ 17 ന് സമൃദ്ധിയുടെ നിറവിലേക്കാണ് റോസ പിറന്നുവീണത്. എലുവത്തിങ്കൽ അന്തോണിയുടെയും കുഞ്ഞേത്തിയുടെയും മൂത്തമകളാണവൾ. കുരുന്നുപ്രായം മുതലേ ദിവ്യതയ്ക്കുവേണ്ടിയുള്ള ഒരു വ്യക്തിഗതഅന്വേഷണം റോസയിൽ തെളിഞ്ഞുനിന്നു. ആത്മീയജീവിതം ഗൗരവമായിട്ടെടുത്ത ഒരാളായാണ് റോസയെ കാണാനാകുക. അമ്മയും അത്തരക്കാരിയായിരുന്നു. വിശ്വാസത്തിൽ വേരുറച്ചവൾ. സ്വർഗീയറാണിയായ പരിശുദ്ധ അമ്മയെയും മാലാഖമാരെയും കുറിച്ചാണ് അവർ തമ്മിൽ സംഭാഷണം ചെയ്തിരുന്നത്. സ്വർഗവാസികളുമായുള്ള സംസർഗത്തിനുള്ള ഒരു ചായ്‌വ് റോസയ്ക്ക് സഹജമായുണ്ടെന്ന് അമ്മ മനസിലാക്കി. ഒമ്പതാം വയസ്സിൽ തന്റെ കന്യാത്വം ദൈവത്തിന് പ്രതിഷ്ഠിച്ച് താനൊരു കന്യാസ്ത്രീയാകുമെന്ന് തീരുമാനിച്ചു.

എന്നാൽ തന്റെ ഓമനമകളെ വിലയും നിലയും ഉള്ള ഒരു കുടുംബത്തിൽ കെട്ടിച്ചയക്കുന്നത് സ്വപ്നം കണ്ടുകൊണ്ടിരുന്ന റോസയുടെ പിതാവിന്, ഇളയവളായ കൊച്ചുത്രേസ്യയുടെ അകാലചരമം വലിയ തിരിച്ചടിയായി. തന്റെ സ്വപ്നങ്ങളെല്ലാം തകർന്ന പിതാവ് അന്തോണി, മകളെ വിശുദ്ധ ചാവറയച്ചനും വന്ദ്യനായ ലെയോപോൾദ് അച്ചനും ചേർന്ന് 1866 ൽ കൂനമ്മാവിൽ സ്ഥാപിച്ച കർമ്മലീത്താ മഠത്തിന്റെ ബോർഡിങ്ങിലാക്കി. ബോർഡിങ്ങിൽവച്ച് അവൾ പുണ്യത്തിലും പ്രാർത്ഥനയിലും കരവേലകളിലും പഠനത്തിലും അതിവേഗം വളർന്നു. ശാരീരികാസ്വാസ്ഥ്യങ്ങൾ അവളെ പീഡിപ്പിച്ചുകൊണ്ടിരുന്നു. രണ്ടു പ്രാവശ്യം വീട്ടിലേക്കു പോയി. സുഖമായപ്പോൾ വീണ്ടും സ്വീകരിക്കപ്പെട്ടു. മൂന്നാംപ്രാവശ്യം മാരകമായ രോഗത്താൽ തീർത്തും അവശയായെങ്കിലും തിരുക്കുടുംബദർശനത്താൽ അവൾ സൗഖ്യം പ്രാപിച്ചു. 1897 മെയ് 10-ാം തീയതി അവൾക്ക് ശിരോവസ്ത്രം ലഭിക്കുകയും ഈശോയുടെ തിരുഹൃദയത്തിന്റെ എവുപ്രാസ്യ എന്ന പേര് സ്വീകരിക്കുകയും ചെയ്തു.

പ്രശ്നങ്ങളും സഹനങ്ങളും രോഗങ്ങളും ക്ലേശങ്ങളും പ്രലോഭനങ്ങളും റോസയെ ഏറെ അലട്ടി. അതുപോലെതന്നെ സ്വർഗ്ഗീയാനന്ദവും ഉണ്ടായിരുന്നു. 1898 ജനുവരി 10-ാം തീയതി അവൾക്ക് അനുഗൃഹീതമായ കർമലസഭാവസ്ത്രം ലഭിച്ചു. അവളുടെ എല്ലാ ആദ്ധ്യാത്മികസംഘട്ടനങ്ങളും ദൈവികവെളിപാടുകളും മാർ യോഹന്നാൻ മേനാച്ചേരിയെ അദ്ദേഹത്തിന്റെ കൽപ്പനപ്രകാരം കത്തുകൾ മുഖേന അറിയിച്ചുകൊണ്ടിരുന്നു. അങ്ങനെ രചിക്കപ്പെട്ട എൺപതോളം കത്തുകൾ എവുപ്രാസ്യമ്മയുടെ

ലിഖിതങ്ങൾ എന്ന പേരിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

1900 മെയ് 24-ാം തീയതി ഒല്ലൂരിൽ സ്ഥാപിതമായ സെന്റ് മേരീസ് മഠത്തിന്റെ ആശീർവാദദിനത്തിൽ സി. എവുപ്രാസ്യ നിത്യവ്രതം ചെയ്തു. 1952 ഓഗസ്റ്റ് 29 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെടുന്നതുവരെയുള്ള കാലയളവിൽ ഏകദേശം 48 വർഷത്തോളം ഈ സുകൃതിനി ഒല്ലൂർ മഠത്തിൽതന്നെയാണ് താമസിച്ചിട്ടുള്ളത്. നോവിസ് മിസ്ട്രസ്, മഠാധിപ തുടങ്ങിയ വലിയ ഉത്തരവാദിത്വങ്ങളിൽ നിയോഗിക്കപ്പെട്ട സി. എവുപ്രാസ്യയുടെ പ്രാർത്ഥനാജീവിതവും നിയമാനുഷ്ഠാനതാല്പര്യവും താപസകൃത്യങ്ങളും ജീവിതകാലത്തുതന്നെ പ്രത്യേകം ശ്രദ്ധേമായിരുന്നു. എളിയ ഭാവത്തോടെ എപ്പോഴും വ്യാപരിക്കാനും കർത്താവ് നൽകിയ ആത്മീയവരങ്ങൾ സന്തോഷപൂർവ്വം മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടി ചെലവഴിക്കാനും എവുപ്രാസ്യമ്മ സദാ ഉത്സുകയായിരുന്നു.

നീണ്ട മണിക്കൂറുകൾ തിരുസന്നിധിയിൽ ഭക്തിപൂർവ്വം പ്രാർത്ഥിച്ചും ജപമാല ചൊല്ലിയും കഴിഞ്ഞിരുന്ന ഈ സുകൃതിനി 'പ്രാർത്ഥിക്കുന്ന അമ്മ' എന്ന അപരനാമത്തിലാണ് നാട്ടിൽ അറിയപ്പെട്ടിരുന്നത്. 'പണത്തിൽ കുറഞ്ഞാലും പുണ്യത്തിൽ കുറയരുത് 'എന്ന തുടങ്ങിയ മൂല്യപാഠങ്ങൾ നൽകാനും, തൊഴിലും വിവാഹവും സന്താനലബ്ധിയും പരീക്ഷാവിജയവും സമാധാനവും മറ്റും കരഗതമാകാനും ജനത്തിനുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിക്കാൻ അമ്മ ഏറെ ശ്രദ്ധിച്ചിരുന്നു. ആശ്രമശുശ്രൂഷികളോട് ആശ്രിതവാത്സല്യം പുലർത്തിയിരുന്ന എവുപ്രാസ്യമ്മ കനിവിന്റെ മാലാഖയായിരുന്നു അവർക്ക്. ചൊറിയും ചിരങ്ങും പിടിച്ചിരുന്ന അന്നക്കുട്ടിയെന്ന ആശ്രമശുശ്രൂഷിക്ക് സ്നേഹത്തിന്റെ തൈലം പകർന്ന എവുപ്രാസ്യമ്മ അലിവിന്റെ അമ്മയായി അന്നക്കുട്ടിയുടെ മനസ്സിൽ ഇന്നും ജീവിക്കുന്നു. രോഗികളെയും ആസന്നമരണരെയും ശുശ്രൂഷിക്കാൻ ഒരു പ്രത്യേക കരിസ്മ ഈ വിശുദ്ധയ്ക്കുണ്ടായിരുന്നു. ടി.ബി, കോളറ, വസൂരി മുതലായ പകർച്ചരോഗങ്ങൾ അന്ന് സാധാരണമായിരുന്നു. അത്തരം രോഗങ്ങളാൽ പീഡിപ്പിക്കപ്പെട്ടിരുന്ന സിസ്റ്റേഴ്സ് എവുപ്രാസ്യമ്മയുടെ സാന്നിദ്ധ്യവും ശുശ്രൂഷയും പ്രാർത്ഥനാസഹായവും ആഗ്രഹിച്ചിരുന്നു. അതനുസരിച്ച് അവരെ ശുശ്രൂഷിക്കാനും നല്ല മരണത്തിന് ഒരുക്കാനും ഒല്ലൂരിന്റെ ഈ വിശുദ്ധ എപ്പോഴും തയ്യാറായിരുന്നു. അതിനായി മണലൂർ, അമ്പഴക്കാട് എന്നീ മഠങ്ങളിലേക്ക് പലപ്പോഴും യാത്ര ചെയ്തിട്ടുണ്ട്.

1952 ൽ എവുപ്രാസ്യമ്മയുടെ മരണശേഷം പുണ്യകീർത്തി നാടെങ്ങും പരന്നു. നാമകരണനടപടികൾ 1986 ൽ ആരംഭിച്ചു. എവുപ്രാസ്യമ്മയുടെ സുകൃതങ്ങൾ തീർത്തും വീരോചിതമെന്ന് അംഗീകരിച്ച്, 2002 ജൂലൈ 5 ന് വി.ജോൺ പോൾ മാർപാപ്പ എവുപ്രാസ്യമ്മയെ ധന്യയായി പ്രഖ്യാപിച്ചു. തൃശ്ശൂർ അഞ്ചേരിയിലെ തോമസ് തരകന് തൃശ്ശൂർ ജൂബിലി മിഷൻ ആശുപത്രിയിൽ 1997 ഡിസംബർ 4-ാം തീയതി എവുപ്രാസ്യമ്മയുടെ മാദ്ധ്യസ്ഥത്താൽ കാൻസർ രോഗത്തിൽനിന്ന് അത്ഭുതകരമായി പരിപൂർണ്ണസൗഖ്യം ലഭിച്ചു. എവുപ്രാസ്യമ്മയുടെ മാദ്ധ്യസ്ഥത്താലാണ് ഇത് സംഭവിച്ചത് എന്ന് തെളിഞ്ഞ്, പരിശുദ്ധ പിതാവ് മാർ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ 2006 ജൂൺ 26-ാം തീയതി എവുപ്രാസ്യമ്മയെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തുന്നതിന് അംഗീകാരം നൽകി. വാഴ്ത്തപ്പെട്ടവളെന്ന ഈ പ്രഖ്യാപനം 2006 ഡിസംബർ 30-ാം തീയതി വമ്പിച്ച വിശ്വാസസമൂഹത്തെ സാക്ഷി നിർത്തി, സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ, പേപ്പൽ പ്രതിനിധി ആർച്ച് ബിഷപ് പെഡ്രൊ ലോപ്പസ് ക്വിന്താനയുടെയും തൃശ്ശൂർ ആർച്ച് ബിഷപ് മാർ ജേക്കബ് തൂങ്കുഴിയുടെയും മറ്റ് ആർച്ച് ബിഷപ്പുമാരുടെയും ജനറാളച്ചന്മാരുടെയും സാന്നിദ്ധ്യത്തിൽ ഒല്ലൂർ ഫൊറോന പള്ളിയങ്കണത്തിൽ വച്ച് ഭക്തിയോടെ നിർവ്വഹിച്ചു.

പിന്നീട് ജുവൽ എന്ന കുട്ടിയുടെ തൈറോഗ്ളോസ്സൽ സിസ്റ്റ് ഓപ്പറേഷൻ കൂടാതെ അത്ഭുതകരമായി സുഖപ്പെട്ട വിവരം റോമിൽ അറിയിക്കുകയും റോം അത് അംഗീകരിക്കുകയും ചെയ്തു. അങ്ങനെയാണ് ഫ്രാൻസിസ് മാർപാപ്പ എവുപ്രാസ്യമ്മയെ 2014 ഏപ്രിൽ 4 ന് വിശുദ്ധയായി പ്രഖ്യാപിക്കുന്നത്.

## വിശുദ്ധജീവിതം ലോകത്തിന് വെളിപ്പെടുത്തിയത് 80 കത്തുകൾ

ഒല്ലൂർ : എവുപ്രാസ്യമ്മയുടെ വിശുദ്ധജീവിതം ലോകത്തിന് വെളിപ്പെടുത്തിയത് 80 കത്തുകൾ. തന്റെ ആത്മീയപിതാവായിരുന്ന ബിഷപ് ജോൺ മേനാച്ചേരിക്ക് എവുപ്രാസ്യമ്മ സ്വന്തം കൈപ്പടയിൽ

എഴുതിയ കത്തുകളാണ് ആ വിശുദ്ധയുടെ ദൈവികത വെളിപ്പെടുത്തിയത്. പല തവണ ഉണ്ടായ ദൈവികദർശനങ്ങളും ജീവിച്ചിരിക്കുമ്പോൾതന്നെ ചെയ്യുവാൻ സാധിച്ച അത്ഭുതങ്ങളും രോഗപീഡകളാൽ അനുഭവിച്ച നരകവേദനയും എല്ലാം ഈ കത്തുകളിൽ അമ്മ ഉൾക്കൊള്ളിച്ചിരുന്നു. നിരന്തരമായ രോഗപീഡകൾ മൂലം മഠത്തിൽനിന്നു പറഞ്ഞുവിടാൻ അധികാരികൾ ഒരുങ്ങിയപ്പോൾ ഉണ്ടായ അത്ഭുതംതന്നെ ഇത് വെളിവാക്കുന്നു. മൃതപ്രായമായി കിടക്കുന്ന എവുപ്രാസ്യമ്മയ്ക്ക് മഠത്തിൽവച്ച് രോഗീലേപനം കൊടുക്കാൻ ഒരുങ്ങുന്നതിനിടയിൽ അമ്മ പുഞ്ചിരിക്കുന്നു. കൈ ഉയർത്തുന്നു..മരണ വെപ്രാളമാകും എന്ന് കരുതിയവരെ അമ്പരപ്പിച്ചുകൊണ്ട് അമ്മ എഴുന്നേറ്റിരിക്കുന്നു. ഇതിന് പിന്നിലെ രഹസ്യവും അമ്മ പിന്നീട് വെളിപ്പെടുത്തിയത് ആത്മീയപിതാവിനുള്ള എഴുത്തിലായിരുന്നു. ഉറക്കത്തിനിടയിൽ തിരുഹൃദയദർശനവും ഏറെനാൾ സന്യാസിനിയായി ഇനിയും ജീവിക്കുമെന്നുള്ള മാതാവിന്റെ ഉറപ്പും ഈ കത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഈ കത്തുകളിലൂടെയാണ് എവുപ്രാസ്യമ്മയുടെ വിശുദ്ധജീവിതം പുറംലോകമറിയുന്നത്. വിശുദ്ധിയിലേക്കുള്ള നാമകരണപ്രക്രിയയിലേക്ക് ഈ എഴുത്തുകളും വഴികാട്ടിയായി മാറി. ഒരു പുണ്യവതി മറ്റൊരു പുണ്യവതിക്കെഴുതിയ കത്തും ഇതിൽ ഉൾപ്പെടുത്തുന്നുണ്ടെന്നുള്ളത് കൗതുകകരമാണ്. എവുപ്രാസ്യമ്മയോടൊപ്പം മൂന്ന് മാസം ഒല്ലൂരിലെ മഠത്തിലുണ്ടായിരുന്ന വാഴ്ത്തപ്പെട്ട മിറയം ത്രേസ്യയ്ക്ക് പിന്നീട് എവുപ്രാസ്യമ്മ എഴുതിയ കത്താണിത്. സ്വർഗ്ഗത്തിൽ എത്തുമ്പോൾ തനിക്കുവേണ്ടി പ്രാർത്ഥിക്കണം എന്നും ഈ കത്തിൽ ഉണ്ടായിരുന്നു. പിന്നീട് രണ്ടു പേരും വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടു. ആദ്യം വാഴ്ത്തപ്പെട്ടവളായത് മറിയം ത്രേസ്യയാണെങ്കിലും ആദ്യം വിശുദ്ധയായത് എവുപ്രാസ്യമ്മയായത് മറ്റൊരു അപൂർവതയായി. യേശുവിന്റെ പീഡാസഹനം സ്വയം അനുഭവിച്ച് ജീവിച്ചവളായിരുന്നു എവുപ്രാസ്യമ്മ. രോഗപീഡകളാൽ ഏറെ ദുരിതം അനുഭവിക്കുന്നതിനിടയിലും ക്രിസ്തു പീഡാനുഭവസമയത്ത് അനുഭവിച്ച വേദനകളെല്ലാം സ്വയം അനുഭവിച്ചിരുന്നു.

ഒല്ലൂരിലെ സ്കൂൾ കുട്ടികളൊക്കെ പരീക്ഷ എഴുതാൻ പോകുന്ന വഴി സെന്റ് മേരീസ് മഠത്തിൽ കയറും. അവിടെ എപ്പോഴും പ്രാർത്ഥനയിൽ മുഴുകിയിരിക്കുന്ന കന്യാസ്ത്രീയോട് പ്രാർത്ഥിക്കണേ എന്നു പറയാൻ ആ അമ്മ പ്രാർത്ഥിച്ചാൽ പരീക്ഷയിൽ തോൽക്കില്ല എന്നായിരുന്നു കുഞ്ഞുങ്ങളുടെ വിശ്വാസം. നാട്ടുകാർ അവരുടെ വിവിധആവശ്യങ്ങളുമായി ഈ കന്യാസ്ത്രീയുടെ അടുത്തെത്തിയത് ഈ പിള്ളേരിൽനിന്നു കേട്ടാണ്. ആര് ഒരു സങ്കടം പറഞ്ഞെത്തിയാലും അത് എവുപ്രാസ്യമ്മയുടെ സങ്കടമായി മാറും. അത് പ്രാർത്ഥനയാകും.

മറ്റൊരാളെ വേദനിപ്പിച്ചുവെന്നു നിങ്ങൾക്ക് സംശയം തോന്നിയാൽ ഉടൻ ആ വ്യക്തിയുടെ പാദം ചുംബിച്ച് ക്ഷമ ചോദിക്കുക. - എവുപ്രാസ്യമ്മയുടെ വാക്കുകൾ...

വിശുദ്ധ എവുപ്രാസ്യമ്മേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ